**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **08-10-2021 - ൽ മറുപടിയ്ക്ക്**

**തരിശ് നിലത്ത് നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തരിശ് നിലത്ത് നെൽകൃഷി ആരംഭിക്കാൻ കൃഷി വകുപ്പിൽ നിന്നും ഒരു കർഷകന് ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷി പദ്ധതി പ്രകാരം തരിശുനിലങ്ങളിലെ നെൽകൃഷിക്ക് ഒരു ഹെക്ടറിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ തരിശുകൃഷിക്ക് ആനുകൂല്യം നൽകുന്നു. ഇതിനു പുറമെ, ഒരു ഹെക്ടറിന് 1000 രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും നൽകുന്നുണ്ട്. |
| (ബി) | വിത്ത്, വളം, ഇൻഷുറൻസ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | നെൽകൃഷി വികസന പദ്ധതിയുടെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം വിത്ത്, വളം ഉൾപ്പെടെയുള്ള ഉത്പാദനോപാധികൾക്കുള്ള ആനുകൂല്യമായി ഹെക്ടർ ഒന്നിന് 5500/- രൂപ സബ്സിഡി ലഭിക്കുന്നു. കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിന് "രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം" എന്ന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുന്ന നെൽവിത്തിന്റെ ഗുണമേന്മ ഉറപ്പാക്കി കേരള സംസ്ഥാന വിത്ത് അതോറിറ്റി മുഖേന കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നു. ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും, ഉത്പാദനോപാധികൾക്കുമുള്ള ആനുകൂല്യമായ പരമാവധി ഒരു ഹെക്ടറിന് 22000 രൂപയും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലന പദ്ധതി പ്രകാരം മണ്ണിന്റെ അമ്ലത്വം കുറച്ച് നെല്ലിന്റെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കുമ്മായം ചേർക്കുന്നതിന് ഒരു ഹെക്ടറിന് 75% സബ്സിഡിയിൽ 600 കിലോ ക്രമത്തിൽ പരമാവധി 5400 രൂപ വീതം ആനുകൂല്യം നൽകി വരുന്നു. പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം വിത്ത് വിതരണം, സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | മൂലകങ്ങളുടെ വിതരണം എന്നിവയ്ക്കുള്ള ആനുകൂല്യവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. 22.03.2017-ലെ സർക്കാർ ഉത്തരവ് (എം എസ്) നം.37/2017/കൃഷി ഉത്തരവ് പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) ഇൻഷുറൻസ് പരിരക്ഷ നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.1192/2017/കൃഷി തീയതി 13.12.2017 പ്രകാരം മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകിവരുന്നു. 27.10.2017ലെ സ.ഉ.(സാധാ)നം. 1066/ 2017/ കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെവിടേയും നെൽ കൃഷിക്ക് കീട രോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 28/12/2017 ലെ സ.ഉ.(കൈ)നം.167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ / വാർഷിക വിളകളെ കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം ഈ പദ്ധതിക്കായി 2000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ